# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 332 **28.05.2019-ൽ മറുപടിയ്ക്ക്**

**മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയുടെ വികസനം**

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മാവേലിക്കര സർക്കാർ ആയുർവ്വേദ ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും എം.എൽ.എ. നൽകിയ കത്തിന്റെയും എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഇതു സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ വികസനത്തിന് ആയുഷ് വകുപ്പ് സ്വീകരിച്ച നടപടികളും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 2017-18 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് പ്രകാരം അനുവദിച്ച 2,56,800/- രൂപയും 2018-2019 സാമ്പത്തിക വർഷത്തെ നഗരസഭ ഫണ്ടും ചേർന്ന 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന വിഷചികിത്സയുമായി ബന്ധപ്പെട്ട ഡോക്ടർ തസ്തിക പുനഃസ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ; ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | സുഗമമായ ചികിത്സ ഉറപ്പു വരുത്തുന്നതിനായി ഒരു മെഡിക്കൽ ഓഫീസർ (വിഷ) തസ്തിക മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയിൽ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ